DESPATCHED
On..11/1/2023......

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

തിരുവനന്തപുരം

ഹർജി നമ്പർ എ.പി. 1163 (3)/2019/എസ്.ഐ.സി.

ഉത്തരവ് തീയതി : 05.11.2020

സന്നിഹിതൻ

ശ്രീ. എസ്. സോമനാഥൻ പിള്ള, വിവരാവകാശ കമ്മീഷണർ

ശ്രീ സഹദേവൻ കെ.,
S/o കുഞ്ചു, ഒതുറോഡ് വീട്, പെരുംകുളങ്ങര,
കോട്ടായി പോസ്റ്റ്, പാലക്കാട് – 678 572. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
ഭൂപരിഷ്കരണ പ്രത്യേക തഹസിൽദാർ ഓഫീസ്,
മിനി സിവിൽ സ്റ്റേഷൻ, ഒറ്റപ്പാലം.

2. അപ്പീൽ അധികാരി,
ഭൂപരിഷ്കരണ പ്രത്യേക തഹസിൽദാർ ഓഫീസ്,
മിനി സിവിൽ സ്റ്റേഷൻ, ഒറ്റപ്പാലം. } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 28.12.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭിച്ച തീയതി | 19.01.2019 |
| ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 15.02.2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 11.03.2019 |
| കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 06.06.2019 |
| ഹർജിക്കാരന്റെ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 10.06.2019 |

## ഉത്തരവ്

05.11.2020 – ന് കമ്മീഷന്റെ പരിഗണനയ്ക്ക് വന്ന ഈ അപ്പീൽ ഹർജിയിൽ സമർപ്പിക്കപ്പെട്ട രേഖകളും, ഹർജിക്കാരനും എതിർകക്ഷിയും ഓഡിയോ കോൺഫറൻസ് മുഖേന കമ്മീഷൻ മുമ്പാകെ നൽകിയ വിശദീകരണവും വിശദ മായി പരിശോധിച്ച് അന്നേ ദിവസം തന്നെ താഴെ പറയും പ്രകാരം തീർപ്പാക്കുന്നു.

2. കുഴൽമന്ദം ലാന്റ് ട്രിബ്യൂണൽ I ൽ നിന്നും 1976 ജൂൺ മാസം 1–ാം തീയതി അനുവദിച്ച 1204/1975 എന്ന പട്ടയത്തിന്റെ അറ്റസ്റ്റ് ചെയ്ത പകർപ്പ് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വിവരാവകാശ അപേക്ഷയും ഒന്നാം അപ്പീലും സമർപ്പിച്ചെ ങ്കിലും പട്ടയ ഫയലുകൾ എസ്.എം/ഒ.എ നമ്പർ ക്രമത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്

OK

എന്നതിനാൽ അത്തരം നമ്പരുകൾ ലഭിച്ചാൽ മാത്രമെ ഫയലുകൾ തിരഞ്ഞുകണ്ടുപിടിക്കുവാൻ കഴിയുകയുള്ളൂവെന്ന മറുപടിയാണ് എസ്.പി.ഐ.ഒ യിൽ നിന്നും അപ്പീൽ അധികാരിയിൽ നിന്നും ലഭിച്ചതെന്ന് ആരോപിച്ചുകൊണ്ടാണ് ഈ അപ്പീൽ ഹർജി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചത്.

3. ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖ ലഭ്യമാക്കുന്നതിന് എസ്.പി.ഐ.ഒ നടത്തിയ ശ്രമങ്ങൾ എസ്.പി.ഐ.ഒ യുടെ വിശദീകരണത്തിൽ നിന്നും കമ്മീഷന് ബോധ്യമാകുന്നു. വിവിധ ട്രിബ്യൂണലുകളിൽ നിന്നും ട്രാൻസ്ഫർ ചെയ്തിട്ടുള്ള ആയിരക്കണക്കിന് ഫയലുകളാണ് സൂക്ഷിച്ചിട്ടുള്ളത്. അവ എസ്.എം/ഒ.എ നമ്പർ ക്രമത്തിലാണ് ക്രമീകരിച്ചിരിക്കുന്നതെന്നതിനാൽ പട്ടയ നമ്പർ മാത്രം ലഭിക്കുന്നതു കൊണ്ട് പ്രസ്തുത ഫയലുകൾ കണ്ടെത്തുവാൻ പ്രയാസമാണെന്ന് കമ്മീഷൻ മുമ്പാകെ വന്നിട്ടുള്ള സമാന സ്വഭാവമുള്ള നിരവധി അപ്പീലുകളിൽ നിന്നും കമ്മീഷന് ബോധ്യമായിട്ടുള്ളതാണ്. ഇത്രയും പ്രയാസമേറിയ ഒരു പ്രവൃത്തി ഹർജിക്കാരന്റെ ആവശ്യത്തിന്റെ പ്രാധാന്യം മനസ്സിലാക്കി നിരന്തരം തിരച്ചിൽ നടത്തി കണ്ടെത്തി ഈ അപ്പീലിന്റെ ഹിയറിംഗ് നടന്ന ദിവസം തന്നെ ഹർജിക്കാരന് അയച്ചുകൊടുത്തെന്ന എസ്.പി.ഐ.ഒ യുടെ വിശദീകരണം കമ്മീഷൻ അംഗീകരിക്കുന്നു. അതോടൊപ്പം പഴയ റിക്കോർഡുകളുടെ കൂട്ടത്തിൽ നിന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട പട്ടയ രേഖ കണ്ടെടുക്കുവാൻ എസ്.പി.ഐ.ഒ ആയ മിനിസ്റ്റീരിയൽ ഓഫീസ് ഹെഡ് ശ്രീമതി എം.ഹേമ നടത്തിയ ആത്മാർത്ഥമായ ശ്രമത്തിന് അഭിനന്ദനവും രേഖപ്പെടുത്തികൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം, 2020 നവംബർ മാസം 05-ാം തീയതി തീർപ്പാക്കുന്നു.

ഒപ്പ്
**എസ്. സോമനാഥൻ പിള്ള**
**വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

JN

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★